LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക

182 (8018) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം കൈത്തറി സഹകരണ സംഘങ്ങൾക്കാണ് റിബേറ്റ് കുടിശ്ശിക നൽകാനുള്ളതെന്ന് ഇകയും സംഘവും തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ഇക എപ്പോൾ വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിബേറ്റ് കുടിശ്ശികയ്ക്കായി ക്ലെയിം സമർപ്പിച്ചിട്ടുള്ള സംഘങ്ങളുടെ പേരും അവ ഉന്നയിച്ചിരിക്കുന്ന ക്ലെയിം സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) സംഘങ്ങൾ സമർപ്പിച്ചിരിക്കുന്ന ക്ലെയിം സംബന്ധിച്ച് പരിശോധന നടത്തി അർഹത നിർണ്ണയിച്ചതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക വിതരണം ചെയ്യുന്നതാണ്.

ഇ-ഗവേണൻസ്

183 (8019) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ഇ-ഗവേണൻസ് രംഗത്ത് ദേശീയതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് ഈ അർഹത ലഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഇ-ഗവേണൻസിലൂടെ ജനങ്ങൾക്ക് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) അംഗീകാരം ലഭിക്കുന്നതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദേശീയ തലത്തിൽ ഇ-ഗവേണൻസ് രംഗത്ത് വിവിധ സർക്കാർ/ സർക്കാരേതര ഏജൻസികൾ ഏർപ്പെടുത്തിയിട്ടുള്ള നിരവധി പുരസ്കാരങ്ങൾ സംസ്ഥാന സർക്കാരിന്റെ വിവിധ സ്ഥാപനങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

(ബി) ദേശീയ തലത്തിൽ പല വിഭാഗങ്ങളിലായാണ് അവാർഡുകൾ നിശ്ചയിക്കുന്നത്. പൊതുവെ Citizen Centric ആയ ഇ-ഗവേണൻസ് പ്രോജക്ടുകളുടെ വിജയകരമായ നടത്തിപ്പിനാണ് അവാർഡുകൾ നൽകുന്നത്. ഇതിനുപുറമേ ആസൂത്രണം, നടപ്പിലാക്കൽ, പരിണാമം, ഭരണ നവീകരണം, ഇ-ഗവേണൻസ് പദ്ധതികളുടെ വ്യാപിപ്പിക്കൽ എന്നീ മാനദണ്ഡങ്ങളും അവാർഡിന് പരിഗണിക്കുമ്പോൾ കണക്കാക്കാറുണ്ട്.

നോമിനേഷൻ സമർപ്പിക്കപ്പെട്ട കഴിഞ്ഞാൽ അവാർഡ് കമ്മിറ്റി വിശദമായ സർവ്വേ നടത്തുകയും പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വ്യാപ്തി മനസ്സിലാക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്തുവരുന്നത്.

(സി) സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓൺലൈൻ സംവിധാനം വിവിധ വകുപ്പുകളിലായി നടപ്പിലാക്കിവരുന്നു. ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് സർക്കാർ ഓഫീസ് വഴിയും ഓൺലൈൻ വഴിയും ലഭിക്കുന്നതാണ്. പൊതുരംഗത്തെ അഴിമതി ഇല്ലാതാക്കുന്നതിന്റെ ഭാഗമായി ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ തീരുമാനമെടുക്കുവാനും നടപടിക്രമങ്ങൾ സുതാര്യമാക്കുവാനുംവേണ്ടി സർക്കാർ ഓഫീസുകളിൽ കമ്പ്യൂട്ടർവൽക്കരണം, കമ്പ്യൂട്ടർ അധിഷ്ഠിത ഫയൽ നിരീക്ഷണ സംവിധാനമായ IDEAS, DDFS, e-Office തുടങ്ങിയ ആധുനിക സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. മോട്ടോർ വാഹന വകുപ്പിലെ സേവനങ്ങൾ സുതാര്യമാക്കുന്നതിന് ഇ-പേയ്മെന്റ്, ഇ-ആപ്ലിക്കേഷൻ മുതലായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിൽ ഇ-സർവ്വീസ് നടപ്പിലാ ക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്ന് വിവിധയിനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ-ഡിസ്ട്രിക്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി വഴി ഇപ്പോൾ ഓൺലൈനായി നൽകിവരുന്ന സേവനങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ പോലീസ് ഓഫീസുകളിലും പരാതികൾ സ്വീകരിക്കുന്നതിനായി "Citizen Help Desk" എന്ന പേരിൽ പുതിയ ഒരു സംരംഭം ആരംഭിച്ചിട്ടുണ്ട്. SSDG പദ്ധതിയുടെ ഭാഗമായി State portal വഴിയും (e-services.kerala.gov.in) ഓൺലൈൻ സേവനങ്ങൾ നൽകുന്നുണ്ട്.

(ഡി) വിവിധ ഏജൻസികൾ അവാർഡുകൾക്കായി പൊതു പരസ്യത്തിലൂടെ ക്ഷണിക്കുമ്പോൾ അതാത് സ്ഥാപനങ്ങൾ തന്നെ നോമിനേഷൻ നേരിട്ട് സമർപ്പിച്ച് ഏജൻസികളുടെ പരിശോധനയ്ക്കും മറ്റ് നടപടികൾക്കും വിധേയമായി അംഗീകാരം നേടുകയാണ് ചെയ്തുവരുന്നത്. ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ പ്രത്യേകിച്ച് നടപടികൾ സ്വീകരിക്കാറില്ല.

ആധാർ കാർഡിനായി ശേഖരിച്ച വിവരങ്ങൾ

184 (8020) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാർ വിവരങ്ങൾ ഐ.ടി. വകുപ്പിന്റെ അനാസ്ഥമൂലം മറ്റു രാജ്യങ്ങളുടേയും ഏജൻസികളുടേയും കൈകളിലെത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ ;

(ബി) സെർവറുകളിൽ വിവരശേഖരണത്തിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കാൻ ഐ.ടി. വകുപ്പ് ആരെയാണ് ചുമതലപ്പെടുത്തിയത് എന്നും അവരുമായി ഉണ്ടാക്കിയ കരാറും നിബന്ധനകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി സോഫ്റ്റ് വെയർ നിർമ്മാണം, പരിപാലനം, ഡാറ്റാബാങ്ക് നിയന്ത്രണം എന്നിവ ഐ.ടി. വകുപ്പുമായി കരാറിലേർപ്പെട്ട സ്ഥാപനവും ഐ.ടി. വകുപ്പുംകൂടി മറ്റു സ്വകാര്യ ഏജൻസികൾക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇവരുമായി കരാർ ഇല്ല എങ്കിൽ ആധാർ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട സ്വകാര്യ കമ്പനിയുടെ വിവരങ്ങളും ഉന്നത ബന്ധങ്ങളും, വിവരങ്ങൾ ചോർത്തി നൽകിയതും അതിലൂടെ പൊതുജനങ്ങളുടെ വിവരങ്ങൾ തീവ്രവാദികൾക്കു ലഭിക്കാനിടയുണ്ടോ എന്നതും സംബന്ധിച്ച് ഒരു സമഗ്ര അന്വേഷണം നടത്തുമോ ;

(ഇ) ആധാർ വിവരങ്ങൾ തയ്യാറാക്കിയതുമായി ബന്ധപ്പെട്ട് ഐ.ടി. വകുപ്പ് നാളിതുവരെ എത്ര രൂപ ചിലവഴിച്ചു ; എത്ര രൂപയുടെ കേന്ദ്രസഹായം ലഭ്യമായി ; വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly